അംഗീകാരം നൽകിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ പി.റ്റി.എ.യുടെ നിയന്ത്രണത്തിൽ പ്രീപ്രൈമറി ക്ലാസുകൾ ആരംഭിക്കാൻ അനുവാദം നൽകിയിട്ടില്ല. ആയതിനാൽ എയ്ഡഡ് മേഖലയിൽ പ്രീ-പ്രൈമറികൾക്ക് അംഗീകാരം നൽകിയിട്ടുമില്ല.

(ബി) ഒറ്റപ്പാലത്തെ പഴയ ലക്കിടി ജി.എസ്.ബി.എസ്. സ്കൂളിൽ പ്രീ-പ്രൈമറി ക്ലാസുകൾ തുടങ്ങുന്നതിനുള്ള അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 30-3-2015-ന് ലഭിക്കുകയും 7-12-2012-ന് ശേഷം പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കാൻ പാടില്ല എന്ന ഉത്തരവ് നിലനിൽക്കുന്നതിനാൽ പുതിയ പ്രീ-പ്രൈമറിക്ക് അനുവാദം നൽകാൻ കഴിയാത്തതിനാൽ അപേക്ഷ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് മടക്കി നൽകുകയുമുണ്ടായി.

## പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ നിയമനം

32 (3755) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ നാളിതുവരെയായി നിയമിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഉണ്ട്. ഹയർ സെക്കണ്ടറി സ്കൂളിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ദൗർലഭ്യം

33 (3756) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ആവശ്യത്തിനനുസരിച്ച് ജീവനക്കാരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly